2005ലെ വിവരാവകാശ നിയമം അനുസരിച്ച്

# വിവരങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷ

(ചട്ടം 3 കാണുക)

17009-3

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യ നീതി വകുപ്പ്
ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം - 695 001

| | | | |
|---|---|---|---|
| 1. | അപേക്ഷകന്റെ പേര് | : | ആർ. വിജയരാജൻ |
| 2. | പൂർണ്ണമായ വിലാസം | : | 'മിഥില'<br>31, പ്രണവം നഗർ<br>പി.ഒ. മണ്ണുത്തി<br>തൃശ്ശൂർ - 680 651 |
| 3. | അറിയേണ്ട വിവരങ്ങളുടെ വിശദാംശങ്ങൾ (വിഷയത്തിന്റെ വിശദാംശം സൂചിപ്പിക്കുക) | : | വിഷയം: സ്ത്രീകൾക്കെതിരെ ജോലിസ്ഥലത്തെ ലൈംഗിക പീഡനം (തടയലും, നിരോധനവും പരിഹാരവും) നിയമം, '13 & ചട്ടങ്ങൾ, 2013.<br>(പ്രത്യേകം പേപ്പറിൽ തയ്യാറാക്കിയത് ഒപ്പം സമർപ്പിക്കുന്നു) |
| 4. | ഏതുവർഷത്തെ വിവരമാണെന്ന് സൂചിപ്പിക്കുക | : | 2013, 2014 |
| 5. | പ്രസക്തിയുള്ള മറ്റു സൂചനകൾ | : | ഇത് ഒരു പൊതു താല്പര്യ അപേക്ഷയാണ്. |

അപേക്ഷകന്റെ ഒപ്പ് :

സ്ഥലം : മണ്ണുത്തി
തീയതി : 18.11.2014

പേര് : ആർ. വിജയരാജൻ
ഫോൺ : 9447614802
ഇമെയിൽ വിലാസം :

18.11.2014 ലെ അപേക്ഷയിൻ കോളം 3 ൽ ചേർക്കേണ്ട വിവരങ്ങൾ

1. ഈ വിഷയത്തിൽ 12.02.2014ന് ബഹു. മന്ത്രി ഡോ. എം.കെ. മുനീർ ഉത്തരവിട്ട വിധത്തിൽ വ്യാപകമായ പ്രചരണത്തിന് സർക്കാർ/സാമൂഹ്യ നീതി ഡയറക്ടർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയണം. അവയുടെ ശരിപ്പകർപ്പും വേണം.

2. 14 ജില്ലകളിൽ ഐസിസികൾ രൂപീകരിച്ചിട്ടുള്ള ഇതര സ്ഥാപനങ്ങളുടെ - ബാങ്കുകൾ, ആശുപത്രികൾ, ടെക്സ്റ്റൈലുകൾ, സഹകരണ സ്ഥാപനങ്ങൾ, കമ്പനികൾ എന്നിവയുടെ പട്ടിക വേണം.

3. ഈ വിഷയത്തിൽ 18.02.2014ന് നമ്പർ 619/B3/2014/SJD യു.ഒ. നോട്ട് പ്രകാരം സംസ്ഥാന സർക്കാരിന്റെ എല്ലാ വകുപ്പുകൾക്കും സർക്കാർ കത്ത് അയച്ചത് എന്നാണെന്നറിയണം. സർക്കാർ കത്തിന്റെ ശരിപ്പകർപ്പും വേണം.

4. 2013 ലെ നിയമത്തിന്റെ സെക്ഷൻ 4(1) അനുസരിച്ച് തൊഴിലിടങ്ങളിൽ രൂപീകരിക്കപ്പെടുന്ന ഐസിസികൾ യോഗം ചേരേണ്ടത് സംബന്ധിച്ച് സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ പാർലമെന്റോ വ്യവസ്ഥ ഉണ്ടാക്കിയിട്ടുള്ളതായി കാണുന്നില്ല. ഇതിന്റെ വ്യവസ്ഥകൾ അറിയണം - കമ്മിറ്റി ആദ്യ യോഗം എത്ര ദിവസത്തിനുള്ളിൽ ചേരണം, രണ്ട് യോഗങ്ങൾ തമ്മിൽ എത്ര ഇടവേള ഉണ്ടാകണം, ആരാണ് കമ്മിറ്റി യോഗത്തിന് നോട്ടീസ് നൽകേണ്ടത്, കമ്മിറ്റിയിൽ ഒരാളെ മെമ്പർ സെക്രട്ടറി ആയി നിയോഗിക്കാമോ തുടങ്ങിയ വ്യവസ്ഥകളാണ് അറിയേണ്ടത്.

5. സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ ഐസിസികൾ രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവിന്റെ ശരിപ്പകർപ്പ് വേണം.

6. എന്ന് മുതലാണ് 2013ലെ നിയമത്തിന് പ്രാബല്യം ഉള്ളതെന്ന് അറിയണം.

7. സാമൂഹ്യ നീതി വകുപ്പിന് ഈ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ നോഡൽ വകുപ്പ് എന്ന ചുമതല നൽകികൊണ്ടുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ അതിന്റെ ശരിപ്പകർപ്പ് വേണം.

8. 2013 ഡിസംബർ ലക്കം ഗസറ്റ് ഓഫ് ഇന്ത്യയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 2013ലെ ചട്ടം 13 (a) (b) (c) (d) (e) (f) അനുസരിച്ച് സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ അറിയണം. അതിന്റെ ശരിപ്പകർപ്പും വേണം.

9. കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി 2013ലെ നിയമത്തിന്റെ സെക്ഷൻ 4(1) അനുസരിച്ച് ഐസിസി രൂപീകരിച്ചതിനു ശേഷം, അതുവരെ നിലവിലുണ്ടായിരുന്ന പരാതികളെല്ലാം മുൻപ് നിലവിലുണ്ടായിരുന്ന "വിമൺ കംപ്ലയിന്റ് കമ്മിറ്റി" തന്നെ കൈകാര്യം ചെയ്താൽ മതി എന്ന് രജിസ്ട്രാർ ഉത്തരവിട്ടിട്ടുള്ള നടപടി 2013ലെ നിയമ വ്യവസ്ഥ അനുസരിച്ച് ശരിയായ നടപടി ആണോ എന്നറിയണം.

ഫോൺ: 9447614802